Sl. No.

# SSLC MODEL EXAMINATION, MARCH - 2021

## MALAYALAM

First Language - Paper I

Time : 1½ Hours

Total Score : 40

**നിർദ്ദേശങ്ങൾ :**

- 20 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- 1 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 40 സ്കോർ ആയിരിക്കും.

Score

**1 മുതൽ 6 വരെ ചോദ്യങ്ങൾക്ക് ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം)**

(4)

1. "ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
   വേഗേന നഷ്ടമാമായുസ്സുമോർക്ക നീ." — 1

   – ഭോഗങ്ങളെ സാദൃശ്യപ്പെടുത്തിയത് എന്തിനോടാണ് ?
   - ആയുസ്സിനോട്
   - സുഖങ്ങളോട്
   - ക്ഷണപ്രഭയോട്
   - ഓർമ്മയോട്

2. "ഞാൻ നിങ്ങൾക്കു <u>മെഴുതിരിക്കാലുകൾ</u> തന്നുവല്ലോ." — 1

   – അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം ഏത് ?
   - മെഴുതിരിയാകുന്ന കാലുകൾ
   - മെഴുതിരി വയ്ക്കാനുള്ള കാലുകൾ
   - മെഴുതിരിയിലെ കാലുകൾ
   - മെഴുതിരിയും കാലുകളും

Score

3. ''എന്തൊരുയർച്ചയായിരുന്നു അത്, എന്തൊരഭിമാനമായിരുന്നു! അമ്മേ! ഭവതി ഭാഗ്യവതിയാണ്.'' 1

(വിശ്വരൂപം)

– സുധീറിന്റെ ഈ വാക്കുകൾ സൂചിപ്പിക്കുന്നതെന്ത് ?

- മാഡം തലത്ത് വിദേശത്ത് ഭാരതീയസ്ത്രീത്വത്തിന്റെ അംബാസഡറായത്.
- മാഡം തലത്ത് മാതൃത്വത്തിന്റെ മഹത്വം തിരിച്ചറിഞ്ഞത്.
- ഡോക്ടർ തലത്തിന്റെ ഭാര്യയാണെന്നത്.
- സാമൂഹ്യപ്രവർത്തകയ്ക്കുള്ള അംഗീകാരം നേടിയത്.

4. ''ആ വീടുകൾക്കുമപ്പുറത്ത് പാഴുതറയിലെ അമ്പതിൽ ചില്വാനം കുടികളിലത്രയും ഈ വിഷാദവും സഹാനുഭൂതിയും നിറഞ്ഞു.'' 1

(കടൽത്തീരത്ത്)

ഈ കഥാസന്ദർഭത്തിൽ തെളിയുന്ന ഗ്രാമജീവിതത്തിന്റെ സവിശേഷത എന്ത് ?

- നിസ്വാർഥമായ സ്നേഹബന്ധം.
- മറ്റുള്ളവരെക്കുറിച്ച് വേവലാതിയില്ല.
- അന്യന്റെ സങ്കടങ്ങളിൽ പങ്കുചേരുന്നില്ല.
- ഗ്രാമത്തിൽ എപ്പോഴും വിഷാദമാണ്.

5. കലിയുടെ വാക്കുകളിൽ പുഷ്കരനെ ഏറ്റവും പ്രലോഭിപ്പിക്കുന്നത് ഏതാണ് ? 1

- പഴുതേ, ജന്മം നിഷ്ഫലമാക്കരുതേ.
- പാരിലെന്നെയിന്നാരറിയാതവർ.
- നളനും നീയും ഭേദമെന്തിവിടെ ?
- തസ്യ നാടു ഞാൻ തേ തരുന്നു.

6. ദിഗ്വിജയം എന്ന പദം പിരിച്ചെഴുതുന്നതെങ്ങനെ ? 1

- ദിക്ക്, ജയം
- ദിഗ്വി, ജയം
- ദിക്, വിജയം
- ദിഗ്, വിജയം

Score

**7 മുതൽ 11 വരെ ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം)**

7. "സർവദമന, ഇതാ ശകുന്തലാസ്യം നോക്കൂ!" 2

(ഋതുയോഗം)

ശകുന്തലാസ്യം എന്ന പ്രയോഗം നാടക സന്ദർഭത്തിന് നൽകുന്ന അർഥവ്യാപ്തി വ്യക്തമാക്കുക.

8. "അന്യജീവനുതകി സ്വജീവിതം 2

ധന്യമാക്കുമമലേ, വിവേകികൾ."

(പ്രിയദർശനം)

ഈ വരികളിലെ ജീവതദർശനം എന്ത് ?

9. "ഭാരതമാകട്ടെ നടന്ന കഥ മാത്രമല്ല, നടക്കാനിരിക്കുന്ന കഥ കൂടിയാണെന്ന് എവിടെ നോക്കിയാലും കാണുന്നു." 2

(യുദ്ധത്തിന്റെ പരിണാമം)

ഈ നിരീക്ഷണത്തിന്റെ പൊരുൾ കണ്ടെത്തി എഴുതുക.

10. "അവൻ എന്നെ 'കുഠം' പിടിച്ച പട്ടിയെപ്പോലെ ആട്ടിപ്പായിച്ചു." 2

(ഞാൻ കഥാകാരനായ കഥ)

അമ്മയുടെ ഹൃദയവേദനയുടെ ആഴം ഈ വാക്യത്തിൽ തെളിയുന്നുണ്ടോ ? വ്യക്തമാക്കുക.

11. "ഇന്നലെ വെറും ജഡശിലയായിരുന്നതിൽ 2

നിന്നു നീ 'കരുണ'തൻ ഭാവഗാനത്തെ തൊട്ടുതൊട്ടുണർത്തവേ....."

(മൈക്കലാഞ്ജലോ, മാപ്പ്)

ശില്പനിർമ്മാണപ്രക്രിയയുടെ സൗന്ദര്യം ഈ വരികളിൽ തെളിയുന്നുണ്ടോ ? രണ്ട് നിരീക്ഷണങ്ങൾ എഴുതുക.

Score

**12 മുതൽ 21 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ വീതം)**

12. "മാതാപിതൃഭ്രാതൃമിത്രസഖികളെ 4

ക്രോധം നിമിത്തം ഹനിക്കുന്നിതു പുമാൻ"

"ക്രോധം പരിത്യജിക്കേണം ബുധജനം".

ക്രോധത്തെ കരുതിയിരിക്കണമെന്ന ഈ ഉപദേശങ്ങൾ ഇക്കാലത്തും പ്രസക്തമാണോ ? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

13. "ഹൃദയമേ ഇനി ആശ്വസിക്കാം. ദൈവം മത്സരം വിട്ട് എന്റെ നേരെ കരുണ ചെയ്തു എന്നു തോന്നുന്നു. ഇത് ആര്യപുത്രൻ തന്നെ." 4

(ഋതുയോഗം)

ശകുന്തളയുടെ ഈ ആത്മഗതത്തിന്റെ പൊരുൾ കഥാസന്ദർഭവുമായി ബന്ധിപ്പിച്ച് വിവരിക്കുക.

14. "എന്നാൽ വള്ളി ഋതുയോഗത്തിന്റെ ചിഹ്നമായ പുഷ്പത്തെ ധരിക്കട്ടെ." 4

ഋതുയോഗം എന്ന ശീർഷകം നാടകഭാഗത്തിന് എത്രത്തോളം യോജിക്കുന്നുണ്ട് ? നിങ്ങളുടെ നിരീക്ഷണങ്ങൾ സമർഥിച്ച് കുറിപ്പ് തയ്യാറാക്കുക.

15. "സ്നേഹിതാ, ഇനി ഇങ്ങോട്ടു വരുമ്പോൾ നിങ്ങൾക്കു തോട്ടത്തിലൂടെ കടന്നുപോരണമെന്നില്ല; തെരുവിലേക്കുള്ള വാതിലിലൂടെത്തന്നെ വരുകയും പോവുകയും ചെയ്യാം. രാത്രിയും പകലും ഒരു നീക്കു നീക്കിയിരിക്കുന്നതുകൂടാതെ അതൊരിക്കലും പൂട്ടിയിടുകയില്ല." 4

(പാവങ്ങൾ)

മെത്രാന്റെ ഭവനത്തിലെ പൂട്ടാത്ത വാതിൽ മഹത്തായ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പ്രതീകമാണ്. കഥാസന്ദർഭവുമായി ബന്ധിപ്പിച്ച് ഈ നിരീക്ഷണം വിലയിരുത്തുക.

Score

16. "അവർക്കറിയാം, ഈ കിഴവി ക്രമേണ തങ്ങൾക്കൊരു ഭാരമായി വരുകയാണെന്ന്." 4

"വേണ്ടാ സുധീർ, വേണ്ടാ. ഞാനൊരാശ്രിതയാവാനാഗ്രഹിക്കുന്നില്ല."

(വിശ്വരൂപം)

ഈ സന്ദർഭങ്ങളിൽ തെളിയുന്ന മാഡം തലത്തിന്റെ വ്യക്തിത്വസവിശേഷതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

17. "സന്യസിച്ചളവുമാസ്ഥയാൽ ഭവാൻ 4
തന്നെയോർത്തിഹ തപസ്സിൽ വാണു ഞാൻ
ധന്യയായ് സപദി കാൺകമൂലമ-
ങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും."

(പ്രിയദർശനം)

നളിനിയുടെ അഗാധമായ സ്നേഹവും ദിവാകരൻ തന്നെ തിരിച്ചറിയാത്തതിലുള്ള അസഹ്യമായ ദുഃഖവും ഈ വരികളിൽ തെളിയുന്നുണ്ടോ ? കാവ്യഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

18. "ചോറുപൊതി അഴിക്കാൻ തോന്നിയില്ല. തുവർത്തിലൂടെ പുറത്തേക്കു കുതിർന്ന അതിന്റെ നനവിൽ കൈവച്ചുകൊണ്ട് വെള്ളായിയപ്പൻ ഇരുന്നു." 4

(കടൽത്തീരത്ത്)

ഈ കഥയെ ഭാവതീവ്രമാക്കുന്നതിൽ പൊതിച്ചോറിന് സവിശേഷമായ സ്ഥാനമുണ്ട്. ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? സ്വാഭിപ്രായം സമർത്ഥിക്കുക.

19. "എന്റെ പീഡാനുഭവങ്ങളെ സ്നേഹിക്കാൻ ഞാൻ പഠിച്ചു കഴിഞ്ഞു." 4

"ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത്."

(ആത്മാവിന്റെ വെളിപാടുകൾ)

ദസ്തയേവ്സ്കിയുടെ ഈ വാക്കുകൾ സമകാലികസമൂഹത്തിന് പകരുന്ന ജീവിതപാഠങ്ങൾ എന്തെല്ലാം ? കുറിപ്പ് തയ്യാറാക്കുക.

Score

20\. ''എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പതു രൂപയേക്കാൾ എത്രയോ വലുതായിരുന്നു.'' 4

(അക്കർമാശി)

''സത്യം സ്വത്തിനേക്കാൾ വിലപിടിച്ച മൂലധനമാണ്.''

(കണ്ണീരും കിനാവും)

സത്യത്തിന്റെ മൂല്യത്തെക്കുറിച്ചുള്ള രണ്ട് രചനാഭാഗങ്ങളിലെയും ആശയം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

21\. ''അസ്തമയം കഴിഞ്ഞുള്ള മരവിച്ച വെളിച്ചത്തിലൂടെ കിഴവൻ മിറൽ വേച്ചു വേച്ചു നടന്നു.'' 4

''ഇടംവലം ഉലഞ്ഞ് വീട് അടുത്തു വന്നു.''

''ഉരുളക്കിഴങ്ങ് തിന്നുന്നവർ'' എന്ന കഥയുടെ ആഖ്യാനസവിശേഷതകൾ എന്തെല്ലാം ?

– മുകളിൽ നൽകിയ സന്ദർഭങ്ങളും കഥയും വിശകലനം ചെയ്തു കുറിപ്പു തയ്യാറാക്കുക.

**22 മുതൽ 25 വരെ ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം)**

22\. ''വഹ്നിസന്തപ്തലോഹസ്ഥാംബു ബിന്ദുനാ 6
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം.''
''പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ്ക്കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
മെത്രയും ചഞ്ചലമാലയസംഗമം.''

(ലക്ഷ്മണസാന്ത്വനം)

ചിരപരിചിതങ്ങളായ ഉദാഹരണങ്ങളിലൂടെയാണ് ഗഹനമായ ജീവിത ദർശനങ്ങൾ എഴുത്തച്ഛൻ അവതരിപ്പിക്കുന്നത്.

ലക്ഷ്മണസാന്ത്വനം എന്ന കാവ്യഭാഗം അടിസ്ഥാനമാക്കി ഈ പ്രസ്താവന വിലയിരുത്തി ഉപന്യാസം തയ്യാറാക്കുക.

Score

23. ''അയാൾ പിന്നോക്കം വച്ചില്ല. തന്റെ കാര്യം പോയി എന്നു തോന്നിയിരുന്നപ്പോൾക്കൂടി, അയാൾ പിന്നോക്കം വയ്ക്കുകയുണ്ടായിട്ടില്ല.'' 6

''ഒരു സത്യസന്ധനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്നു നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളതു മറക്കരുതേ...''

(പാവങ്ങൾ)

തന്നിരിക്കുന്നവാക്യങ്ങളും നോവൽഭാഗവും വിശകലനം ചെയ്തു ഴാങ് വാൽ ഴാങ് എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

24. ''നിങ്ങളുടെ വരാൻ പോകുന്ന ഭാര്യയോട് പറയൂ, കുട്ടികളെ ബോർഡിങ്ങുകളിൽ അയയ്ക്കരുതെന്ന്. അവർക്ക് ആയയെ വയ്ക്കരുത്. അമ്മതന്നെ വളർത്തണം. ശാസിക്കയും, ലാളിക്കയും, കൂട്ടുകൂടുകയും വേണം.'' 6

(വിശ്വരൂപം)

കുട്ടികളെ വളർത്തുകയെന്നത് അമ്മയുടെ മാത്രം ചുമതലയല്ല; അച്ഛനും ഇക്കാര്യത്തിൽ തുല്യ ഉത്തരവാദിത്വമുണ്ട്.

മുകളിൽ നൽകിയ ആശയങ്ങളോടുള്ള നിങ്ങളുടെ പ്രതികരണമെന്ത് ?

കഥയും, സമകാലിക കുടുംബജീവിതവും പരിശോധിച്ച് 'കുടുംബജീവിതത്തിലെ സ്ത്രീപുരുഷ -തുല്യത' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

25. ''എന്റെ ഉള്ളുപൊട്ടുന്നു, എന്റെ പ്രാണൻ പറിയുന്നു.'' 6

''അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി.''

''ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്ന് ഏറ്റുവാങ്ങി.''

(കടൽത്തീരത്ത്)

തന്നിരിക്കുന്ന സന്ദർഭങ്ങളും കഥയും വിശകലനം ചെയ്തു 'കടൽത്തീരത്തി'ന് ഒരു ആസ്വാദനം തയ്യാറാക്കുക.

-oOo-